പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1203 — 20.03.2012 - ൽ മറുപടിക്ക്

## ദേശീയപാതവികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം. ഷാജി<br>,, സി. മമ്മൂട്ടി<br>,, പി. ഉബൈദുള്ള<br>,, കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(ബഹു.മരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാത വികസനം 45 മീറ്റർ വീതിയിൽ പുനരാരംഭിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനായി ഏറ്റെടുക്കുന്ന ഭൂമിക്കുള്ള നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ ഏർപ്പെടുത്തുന്ന പുതിയ പാക്കേജിന്റെ വിശദവിവരം നൽകാമോ; | (ബി) റവന്യൂവകുപ്പിന്റെ 15.11.2011 -ലെ സ.ഉ. (കയ്യെഴുത്ത്) നം.419/2011/റവ, പൊതു മരാമത്ത് വകുപ്പിന്റെ 16.12.2011 -ലെ സ.ഉ. (സാധാ) നം.1766/2011/പൊമവ. എന്നീ ഉത്തരവുകൾ പ്രകാരം പുനരധിവാസ പാക്കേജ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പുനരധിവാസ പാക്കേജിലെ വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ദേശീയപാത അതോറിറ്റി നൽകുന്ന നഷ്ട പരിഹാരത്തുക അപര്യാപ്തമായതിനാൽ ഭൂ ഉടമകൾ ഭൂമി വിട്ടുനൽകാൻ വിമുഖരാണെന്ന കാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ; | (സി) സംസ്ഥാന സർക്കാരിന്റെ പുനരധിവാസ പാക്കേജ് പ്രകാരമുള്ള ആനുകൂല്യം ദേശീയപാതാവികസനത്തിന് ഭൂമി വിട്ടു നൽകുന്നവർക്കും ലഭിക്കുന്നതാണ്. പുനരധിവാസ പാക്കേജിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഭൂവുടമകളിൽ നിന്ന് അനുകൂല സമീപനമുണ്ടാക്കിയെടുക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത്; | (ഡി) & (ഇ) | ഭൂവുടമകളിൽ നിന്ന് അനുകൂല സമീപനമുണ്ടാക്കുന്നതിനും ഒഴിവാക്കപ്പെടുന്ന കൈവശക്കാരുടെ പുനരധിവാസം ഏർപ്പെടുത്തുന്നതിനും പുതിയ പുനരധിവാസ പാക്കേജ്പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ഒഴിപ്പിക്കപ്പെടുന്ന കൈവശക്കാരുടെ പുനരധിവാസത്തിന് ഏർപ്പെടുത്തുന്ന സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ദേശീയപാത 17, 47 എന്നിവയുടെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പുനരധിവാസ പാക്കേജിലെ പ്രാധാനപ്പെട്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:-

1. ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് കമ്പോളവില നല്കുക.
2. പഴക്കമോ തേയ്മാനമോ കണക്കിലെടുക്കാതെ നിലവിലുള്ള നിരക്കനുസരിച്ചുള്ള വില കെട്ടിടങ്ങൾക്കും മറ്റും നല്കുക.
3. ഭൂമിയോ, വീടോ നഷ്ടപ്പെടുകയും ശമ്പളത്തിൽ നിന്നുള്ള വരുമാനം ഇല്ലാതിരിക്കുകയും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയും വരുന്ന പദ്ധതിബാധിതകുടുംബത്തിന് മൂന്ന് സെന്റ് വസ്തു വരെ നല്കാവുന്നതാണ്.
4. തൊഴിൽ ലഭ്യതയുള്ള പ്രോജക്ടുകളിൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ ഒരംഗത്തിന് സ്ഥിരമായ വരുമാനം കിട്ടുന്ന ജോലി നല്കുന്നകാര്യം റിക്വിസിഷനിങ്ങ് അതോറിറ്റി പരിഗണിക്കേണ്ടതാണ്.
5. താമസസ്ഥലം നഷ്ടപ്പെടുന്നവർക്ക് 6 മാസത്തേയ്ക്ക് 5,000 രൂപ നിരക്കിൽ വാടകയും Shifting Allowance ആയി 25,000/-രൂപയും നല്കേണ്ടതാണ്.
6. മൊത്തം ഭൂമിയും നഷ്ടപ്പെടുന്നവർക്ക് അവർ ആവശ്യപ്പെടുന്നപക്ഷം ഭൂമിയുടെ നഷ്ടപരിഹാര വിലയോ ഏറ്റെടുത്ത ഭൂമിയുടെ 25% സ്ഥലം പുതിയ റോഡ് സൈഡിലോ പ്രോജക്ട് സൈറ്റിനരികിലോ നൽകേണ്ടതാണ്.
7. കുറഞ്ഞത് 3 വർഷമായി വാടകയ്ക്ക് കച്ചവടം നടത്തുന്നവർക്ക് പദ്ധതിപ്രകാരം വരുമാനമാർഗ്ഗം നഷ്ടപ്പെട്ടാൽ ഒറ്റതവണ അലവൻസ് ആയി 2,00,000/- രൂപ നൽകേണ്ടതാണ്. വഴിയോര കച്ചവടക്കാർക്കും ചെറുകിടവ്യവസായികൾക്കും ഇത് ബാധകമായിരിക്കും. കമ്പനികൾ,

ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, വലിയ കടകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ഈ അനുകൂല്യം ലഭിക്കുന്നതല്ല. കുറഞ്ഞത് 3 വർഷം കുടികിടപ്പവകാശമുള്ളവർക്ക് 6 മാസത്തേക്ക് 6,000/- രൂപ നിരക്കിൽ ധനസഹായവും കെട്ടിടത്തിന്റെ വിലയായി 25,000/- രൂപയിൽ കുറയാതെയുള്ള ധനസഹായവും ലഭ്യമാക്കേണ്ടതാണ്.

8. ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തതയില്ലാതെയും ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച ഭൂവില സ്വീകാര്യമല്ലാതെയും വരുന്ന കേസുകളിൽ തുടർന്നുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ LA Act 1894/NHAI Act -ന് വിധേയമായിരിക്കും.

9. കുടിയൊഴിപ്പിക്കപ്പെട്ട കടയുടമകൾക്ക് പഞ്ചായത്ത് രാജ് നടത്തുന്ന കൊമേർഷ്യൽ കോംപ്ലക്സുകളിലും റിക്വിസിഷണിംഗ് ഏജൻസിയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിലും മുൻഗണന നൽകേണ്ടതാണ്.

10. വസ്തു ഏറ്റെടുക്കലിനുശേഷം വസ്തുവിന്റെ 50% ഉടമസ്ഥന് കൈവശമുണ്ടാകുകയും ടി ഭൂമികൂടി സർക്കാർ ഏറ്റെടുക്കുന്നതിന് സമ്മതമാകുകയും ചെയ്യുന്നപക്ഷം, സർക്കാർ ടി ഭൂമികൂടി ഏറ്റെടുത്ത് പൊതു ആവശ്യത്തിന് ഉപയോഗിക്കുന്നതാണ്.

11. സ്ഥലവും കെട്ടിടവും നഷ്ടപ്പെടുന്ന സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആരാധനാലയങ്ങൾക്കും ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന സ്ഥലത്തിന്റെ വിലയും കെട്ടിടത്തിന്റെ വിലയും നഷ്ടപരിഹാരമായി ലഭിക്കുന്നതാണ്.

Lalitha

സെക്ഷൻ ഓഫീസർ